റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്
(ഒരു കേരള സർക്കാർ സംരംഭം)
രണ്ടാം നില, പ്രീതി ബിൽഡിംഗ്, എം.വി. റോഡ്, പാലാരിവട്ടം, കൊച്ചി – 682 025
ഫോൺ: (484)2338205, 2338206, ഫാക്സ്: 2533294 വെബ്സൈറ്റ്: www.rbdck.com
E-mail:- rbdckltd@gmail.com

ദർഘാസ് പരസ്യം

Quotation No. RBDCK/T 287/ 119 /2026

കൊല്ലം ജില്ലയിലെ നിർദ്ദിഷ്ട മൈനാഗപ്പള്ളി ആർ.ഒ.ബി നിർമ്മാണ സ്ഥലത്ത് അലൈൻമെന്റിനുള്ളിൽ വരുന്ന കെട്ടിടങ്ങളും മറ്റു ചമയങ്ങളും അടിത്തറയോടുകൂടി പൊളിച്ചു നീക്കിക്കൊണ്ട് പോകുന്നതിനും നീക്കം ചെയ്ത സ്ഥലം നിരപ്പാക്കി വൃത്തിയാക്കുന്നതിനും വേണ്ടി താഴെ ചേർത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി താത്പര്യമുള്ളവരിൽ നിന്നും മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

1.	കെട്ടിടങ്ങളുടെ ഉദ്ദേശവില (നികുതി അടക്കം)	: Rs. 32,98,224/-
2.	നീക്കം ചെയ്യുന്നതിനുള്ള സമയപരിധി	: 60 ദിവസം
3.	നിരതദ്രവ്യം	: Rs. 50,000/-
4.	ക്വട്ടേഷൻ ഫോറത്തിന്റെ വിൽപ്പന	: 09.11.2026 , 11:00 AM to 17.11.2026, 12:00 PM
5.	ക്വട്ടേഷൻ ഫോറം സമർപ്പിക്കേണ്ട അവസാന തീയ്യതിയും സമയവും	: 17.11.2026 (സമയം 3:00 PM മണി വരെ)
6.	ക്വട്ടേഷൻ സമർപ്പിക്കേണ്ട സ്ഥലം	: ആർ.ബി.ഡി.സി.കെ പാലാരിവട്ടം ഓഫീസ്
7.	ക്വട്ടേഷൻ സമർപ്പിക്കേണ്ട വിധം	: തപാൽ മുഖേന
8.	ക്വട്ടേഷൻ തുറക്കുന്ന തീയതിയും സമയവും	: 18.11.2026 (സമയം 11.00 AM)

താൽപര്യമുള്ള കരാറുകാർ 13.11.2026 രാവിലെ 11 മണിക്ക് മൈനാഗപ്പള്ളി ലെവൽ ക്രോസ് 61 – ന് സമീപം എത്തി പൊളിച്ചുമാറ്റേണ്ട വസ്തുക്കൾ ആർ.ബി.ഡി.സി.കെ യുടെ പ്രതിനിധിയുടെ സാന്നിധ്യത്തിൽ കണ്ട് ബോധ്യപ്പെടേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്കും നിബന്ധനകൾക്കും ആർ.ബി.ഡി.സി.കെ ഓഫീസുമായി ബന്ധപ്പെടുക.

ഫോൺ: 0484 2338205,7012477220

Sd/-

ജനറൽ മാനേജർ
ആർ.ബി.ഡി.സി.കെ.

തീയതി: 07.11.2026

റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്
(ഒരു കേരള സർക്കാർ സംരംഭം)
രണ്ടാം നില, പ്രീതി ബിൽഡിംഗ്, എം.വി. റോഡ്, പാലാരിവട്ടം, കൊച്ചി – 682 025
ഫോൺ: (484)2338205, 2338206, ഫാക്സ്: 2533294 വെബ്സൈറ്റ്: www.rbdck.com
E-mail:- rbdckltd@gmail.com

നിബന്ധനകൾ

1. ആർ.ബി.ഡി.സി.കെ ലിമിറ്റഡിൻെറ കൊച്ചി പാലാരിവട്ടത്തുള്ള ഓഫീസിൽ നിന്നും ആർ.ബി.ഡി.സി.കെ ലിമിറ്റഡിൻെറ വെബ്സൈറ്റിൽ (www.rbdck.com) നിന്നും ക്വട്ടേഷൻ ഫോം ലഭിക്കുന്നതാണ്.

2. കൂടുതൽ വിവരങ്ങൾ അറിയുന്നതിന് പ്രവൃത്തി ദിവസങ്ങളിൽ 10.00 മണി മുതൽ 4.00 മണി വരെ ആർ.ബി.ഡി.സി.കെ ഓഫീസുമായി ഫോൺ (484)2338205, 2338206 ബന്ധപ്പെടാവുന്നതാണ്.

3. ക്വട്ടേഷനിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ പ്രൈസ് ബിഡ് പൂരിപ്പിച്ച് ഒപ്പിട്ട് ഫോട്ടോ തിരിച്ചറിയൽ കാർഡിൻെറ കോപ്പിയും ചേർത്ത് മുദ്രവെച്ച കവറിൽ ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന സമയത്തിന് മുമ്പായി ആർ.ബി.ഡി.സി.കെ. പാലാരിവട്ടം ഓഫീസിൽ സമർപ്പിക്കേതാണ്. കവറിന് പുറത്ത് "Quotation for Demolition of structures in the acquired land for the construction of Mynagappally ROB" and do not open before 18.11.2026 at 11:00 AM" എന്നെഴുതേണ്ടതാണ്.

4. ക്വട്ടേഷൻ സമർപ്പിക്കുന്നവർ 50,000/– രൂപയുടെ നിരതദ്രവ്യം ആർ.ബി.ഡി.സി.കെ. ജനറൽ മാനേജരുടെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായി ഒടുക്കി, രസീത് ക്വട്ടേഷൻ ഫോമിനൊപ്പം സമർപ്പിക്കേണ്ടതാണ്.

5. മുദ്രവച്ച ക്വട്ടേഷനുകൾ 17.11.2026 ന് 3.00 PM വരെ ആർ.ബി.ഡി.സി.കെ.–യുടെ ഓഫീസിൽ സ്വീകരിക്കുന്നതാണ്.

6. നിബന്ധനകൾ പാലിക്കാത്തതും നിർദ്ദിഷ്ട ദിവസത്തിനും സമയത്തിനും ശേഷം ലഭിക്കുന്നതും ബിഡ്ഡേർസ് ഒപ്പിടാത്തതും ഏതെങ്കിലും രീതിയിൽ പൂർണ്ണമല്ലാത്തതുമായ ക്വട്ടേഷനുകൾ മറ്റ് യാതൊരു കാരണവും കൂടാതെ തന്നെ തള്ളിക്കളയുന്നതാണ്.

7. Quote ചെയ്യുന്ന തുക GST യും, മറ്റെല്ലാ നികുതികളും ഉൾപ്പടെ ആയിരിക്കണം.

8. നടപടി ക്രമം

a. ആർ.ബി.ഡി.സി.കെ. പാലാരിവട്ടം ഓഫീസിൽ വച്ച് നിർദ്ദിഷ്ട ദിവസത്തിലും സമയത്തും മുദ്ര വച്ച കവറിലുള്ള പൂരിപ്പിച്ച ക്വട്ടേഷനുകൾ തുറക്കുന്നതായിരിക്കും. മേൽ തീയതി എന്തെങ്കിലും വിധത്തിൽ അവധിയായാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ക്വട്ടേഷനുകൾ തുറക്കുന്നതായിരിക്കും. ഏറ്റവും ഉയർന്ന തുക വാഗ്ദാനം ചെയ്യുന്ന ആളെയായിരിക്കും വിജയി ആയി കണക്കാക്കുക.

b. വിജയിക്കുന്നയാൾ ടെണ്ടർ തുകയും ആയതിന്റെ 10% അധിക തുകയും മേൽ നടപടികൾ പൂർത്തീകരിച്ച് നിർദ്ദേശിക്കുന്നതനുസരിച്ച് അടക്കേണ്ടതാണ്. സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിലെങ്കിൽ അതിനുശേഷമുള്ള ഓരോ ദിവസത്തിനും മേൽത്തുകയുടെ 1% വച്ച് ഈടാക്കുന്നതും അത് പരമാവധി 5 ദിവസം മാത്രമായിരിക്കുകയും ചെയ്യും. മേൽ പറഞ്ഞ പരമാവധി ദിവസം പൂർത്തിയാകുമ്പോൾ ബാക്കി തുക കണ്ടുകെട്ടുന്നതും മേൽ പ്രവൃത്തി മറ്റൊരു ഏജൻസിയെക്കൊണ്ട് നടപ്പാക്കുന്നതും അക്കാരണത്താൽ പ്രവൃത്തി ഏറ്റെടുത്ത ആളിന് ഉണ്ടായേക്കാവുന്ന യാതൊരു നഷ്ടങ്ങളും പരിഗണിക്കുന്നതുമല്ല. ഈ തുക തികയാതെ വരികയാണെങ്കിൽ റവന്യൂ റിക്കവറി നടപടികളിലൂടെ പ്രസ്തുത തുക വസൂലാക്കുന്നതുമാണ്.

c. 10% അധികത്തുക നിർദ്ദേശാനുസരണം നിശ്ചിത സമയപരിധിക്കുള്ളിൽ കെട്ടിടങ്ങൾ പൊളിച്ചു നീക്കിയ ശേഷം തിരികെ നൽകുന്നതാണ്.

9. പൂർണ്ണമായ അടങ്കൽത്തുകയും 10% അധികത്തുകയും അടക്കുന്നതതോടെ മേൽ കെട്ടിടങ്ങളുടെയും ചമയങ്ങളുടെയും ഉടമസ്ഥാവകാശം സംരക്ഷണ ചുമതലയും കരാറുകാരനിൽ നിക്ഷിപ്തമാകുന്നതാണ്. അഗ്നിബാധ, കാറ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും അപ്രതീക്ഷിത ദുരന്തങ്ങൾ ഉണ്ടായാലും

അതിൻമേൽ യാതൊരു ഉത്തരവാദിത്ത്വങ്ങളും ആർ.ബി.ഡി.സി.കെ ഏറ്റെടുക്കുന്നതല്ല. കരാറുകാരൻ മേൽതുകയിൽ യാതൊരുവിധ അവകാശങ്ങളും ഉന്നയിക്കാൻ പാടില്ലാത്തതുമാകുന്നു.

10. കരാറുകാരൻ ആർ.ബി.ഡി.സി.കെ. ഏറ്റെടുത്ത സ്ഥലത്തെ നിർമ്മിതികൾ അടിത്തറ ഉൾപ്പെടെ പൊളിച്ച് നീക്കം ചെയ്യുകയും, കാടും പടലവും മുതലായ ഉപയോഗശൂന്യമായ വസ്തുക്കൾ നീക്കം ചെയ്ത് സ്ഥലം നിലവിലുള്ള ഗ്രൗണ്ട് ലെവലിൽ നിരപ്പാക്കി വൃത്തിയാക്കുകയും ചെയ്യേണ്ടതാണ്. റോഡിനേക്കാൾ ഉയർന്ന സ്ഥലങ്ങളിൽ/നിർമ്മിതിയുടെ അടിത്തറ ഗ്രൗണ്ട് നിരപ്പിൽ നിന്നും താഴ്ന്ന പ്ലോട്ടുകളിൽ ആർ.ബി.ഡി.സി.കെ എഞ്ചിനീയറുടെ നിർദ്ദേശാനുസരണം മാത്രം പ്രവൃത്തി ചെയ്യുക.

11. കരാർ ഉറപ്പിച്ച് 60 ദിവസത്തിനകം പൊളിച്ചു മാറ്റുന്നതിനായി രേഖപ്പെടുത്തിയ കെട്ടിടങ്ങൾ, അടയാള പ്പെടുത്തിയ അളവിൽ ആർ.ബി.ഡി.സി.കെ. ലിമിറ്റഡിനോ പരിസരവാസികളുടെ വസ്തുവകക കൾക്കോ, യാതൊരുവിധ നാശനഷ്ടങ്ങളും ഉണ്ടാക്കാതെ നീക്കം ചെയ്യേണ്ടതാണ്. കെട്ടിടങ്ങളുടെ പൂർണ്ണ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

12. ഭാഗീകമായി പൊളിക്കുന്ന കെട്ടിടങ്ങൾ ഇലക്ട്രിക് കട്ടറുകൾ ഉപയോഗിച്ച്, ബാക്കിയാകുന്ന ഭാഗ ത്തിന് യാതൊരുവിധ കേടുപാടുകളും ഇല്ലാത്ത രീതിയിൽ പൊളിക്കേണ്ടതാണ്. നാശനഷ്ടങ്ങൾ ഉണ്ടായാൽ കരാറുകാരൻ സ്വന്തം ചെലവിൽ അതു പരിഹരിക്കേണ്ടതാണ്. പൂർണ്ണമായും പൊളിക്കാൻ നിർദ്ദേശിച്ചിരിക്കുന്ന കെട്ടിടങ്ങൾ യാതൊരു കാരണവശാലും ഭാഗികമായി പൊളിക്കുവാൻ പാടുള്ളതല്ല, അങ്ങനെ ചെയ്യുന്ന പക്ഷം കരാറുകാരനെതിരെ നിയമനടപടി സ്വീകരിക്കുന്നതാണ്. നിലവിലെ റോഡ് വഴിയുള്ള ഗതാഗതത്തിൽ യാതൊരുവിധ തടസവും സൃഷ്ടിക്കാതെ സുരക്ഷാബോർഡുകൾ സ്ഥാപിച്ചുവേണം പ്രവൃത്തി ചെയ്യുവാൻ.

13. മേൽ പ്രവർത്തിക്കുവേണ്ടി കരാറുകാരൻ നിയമിക്കുന്ന തൊഴിലാളികളുടെയും, ഇതുമായി ബന്ധ പ്പെട്ട് പ്രവർത്തിക്കുന്ന ജീവനക്കാർ ഉൾപ്പെടെയുള്ളവരുടെയും സുരക്ഷയും വേതനവും, ഇഎസ്ഐ, പിഎഫ് തുടങ്ങിയ നിയമാനുസൃത അടവുകളും പൂർണമായും കരാറുകാരന്റെ ചുമതലയാണ്. അപകട നഷ്ട പരിഹാരം വ്യവഹാര ചിലവുകൾ തുടങ്ങി ആർ.ബി.ഡി.സി.കെ.യ്ക്ക് എന്തെങ്കിലും ചിലവുകൾ ഈ പ്രവർത്തിയുമായി ബന്ധപ്പെട്ട് ഉണ്ടായാൽ അവ കരാറുകാരൻ മടക്കി നൽകേണ്ടതാ ണ്.

14. കെട്ടിടങ്ങൾ പൊളിച്ചു നീക്കം ചെയ്യുന്നതിനായി വൈദ്യുതി ലൈൻ അല്ലെങ്കിൽ മറ്റെതെങ്കിലും സർവീസ് ലൈനുകൾ സ്വിച്ച് ഓഫ് ചെയ്യുകയോ നീക്കം ചെയ്യുകയോ വേണ്ടിവന്നാൽ അത് കരാറു കാരന്റെ സ്വന്തം ചെലവിലും ഉത്തരവാദിത്ത്വത്തിലും ചെയ്യേണ്ടതാണ്. എന്തെങ്കിലും നാശനഷ്ട ങ്ങളോ കേടുപാട് തീർക്കലോ മേൽപ്രവൃത്തിമൂലം ആവശ്യമായി വന്നാൽ അതിനുള്ള ചെലവ് കരാ റുകാരൻ വഹിക്കേണ്ടതായിരിക്കും.

15. ഏറ്റവും കൂടിയ തുകയ്ക്ക് ക്വട്ടേഷൻ സമർപ്പിച്ചയാൾ മുഴുവൻ തുകയും അടച്ചതിനുശേഷം മാത്രമേ രണ്ടും മൂന്നും ആളുകളുടെ E.M.D തിരികെ നൽകുകയുള്ളൂ. ആദ്യത്തെ മൂന്ന് പേരുടെ ഒഴികെ ബാക്കി ഉള്ളവരുടെ E.M.D തുക തിരികെ നൽകുന്നതിന് ക്വട്ടേഷൻ തുറക്കുന്ന നടപടിക്രമം പൂർത്തി യായതിന് ശേഷം രസീതിനോടൊപ്പം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

16. കാരണമൊന്നും കാണിയ്ക്കാതെ തന്നെ ക്വട്ടേഷനുകൾ ഏതെങ്കിലുമോ എല്ലാം തന്നെയോ തള്ളിക്കളയുന്നതിന് ആർ.ബി.ഡി.സി.കെ. മാനേജിംഗ് ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

17. പ്രൈസ് ബിഡിൽ കൊടുത്തിരിക്കുന്ന ഏതെങ്കിലും വസ്തുക്കൾ/നിർമ്മിതികൾ ക്വട്ടേഷനുകളിൽ നിന്നും (വർക്ക് ഓർഡറിൽ നിന്നും)എപ്പോൾ വേണമെങ്കിലും ഒഴിവാക്കുവാനുള്ള അവകാശം ആർ.ബി.ഡി.സി.കെ യ്ക്ക് ഉണ്ടായിരിക്കുന്നതാണ്. ഇപ്രകാരം ഒഴിവാക്കുന്ന വസ്തുവിന് (നിർമ്മിതിക്ക്) കരാറുകാരൻ കോട്ട് ചെയ്ത തുക തിരികെ നൽകുന്നതാണ്.

18. പ്രൈസ് ബിഡിൽ ഓരോ വസ്തുവിനും വാഗ്ദാനം ചെയ്യുന്ന തുക പ്രത്യേകം പ്രത്യേകം രേഖപ്പെടു ത്തേണ്ടതാണ്. അല്ലാത്ത പക്ഷം ക്രമ നമ്പർ 17 ൽ നിഷ്കർഷിച്ചിരിക്കുന്ന പോലെ ഒഴിവാക്കപ്പെടുന്ന വസ്തുവിന്റെ തുക തിരികെ നൽകുന്നതല്ല/ അവകാശം ഉന്നയിക്കാൻ സാധിക്കുന്നതല്ല.

19. എന്തെങ്കിലും തർക്കങ്ങൾ ഉണ്ടാവുകയാണെങ്കിൽ ടെൻഡർ കമ്മിറ്റിയുടെ (ആർ.ബി.ഡി.സി.കെ. യിലെ ഉദ്യോഗസ്ഥർ) തീരുമാനം അന്തിമമായിരിക്കുന്നതും അത് അനുസരിക്കുന്നതിന് കരാറുകാരൻ ബാധ്യസ്ഥനായിരിക്കും.

20. രാത്രിയിൽ കെട്ടിടങ്ങൾ പൊളിച്ചു നീക്കം ചെയ്യുന്ന പ്രവർത്തി ചെയ്യുന്ന പക്ഷം ആയത് മുൻകൂട്ടി ഈ ഓഫീസിൽ അറിയിക്കേണ്ടതും പ്രവർത്തിക്ക് ഉപയോഗിക്കുന്ന വാഹനങ്ങളുടെ ഡീറ്റെയിൽസ് ഈ ഓഫീസിൽ നൽകേണ്ടതുമാണ്.

മേൽപ്പറഞ്ഞ നിബന്ധനകൾ അനുസരിക്കുന്നതിന് കരാറുകാരന് ബാധ്യത ഉണ്ടായിരിക്കുന്നതും അതിനുള്ള സമ്മതം എന്ന നിലയിൽ കരാറുകാരൻ ഈ ക്വട്ടേഷൻ ഫോമിന്റെ എല്ലാ പേജുകളിലും ഒപ്പിടേണ്ടതുമായിരിക്കും.

കരാറുകാരന്റെ ഒപ്പ്
(പേര്, മേൽ വിലാസം, ഫോൺ നമ്പർ ഉൾപ്പെടെ)

സ്ഥലം:

തീയതി:

റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്
(ഒരു കേരള സർക്കാർ സംരംഭം)
രണ്ടാം നില, പ്രീതി ബിൽഡിംഗ്, എം.വി. റോഡ്, പാലാരിവട്ടം, കൊച്ചി – 682 025
ഫോൺ: (484)2338205, 2338206, ഫാക്സ്: 2533294 വെബ്സൈറ്റ്: www.rbdck.com
E-mail:- rbdckltd@gmail.com

PRICE BID

RBDCK- MYNAGAPPALLY ROB – LC 61

SL NO.	NAME	DETAILS OF STRUCTURES	TOTAL AMOUNT IN RS (INCL. GST)	REMARKS
1	Abdul Samad	Verandha portion and Top ceiling projection		As per the Paint marking at the plot
2	Jalaludheen, Soudha Beevi	Interlock, Compound wall and gate		As per the Boundary stone fixed at the plot
3	Nadeera Beevi	Old shop		To be demolished completely
4	Hussain	Sheeted shop		Partially
5	Seenath Beevi	Shop		Shade only
6	Salim Thadathil	Shop		Shade only
7	Nejumudheen	Compound wall		To be demolished completely
8	Sajeena & Mansoor	Two storey Residential building and compound wall		To be demolished completely
9	Muraleedharan	Two storey Residential building and shop		To be demolished completely
10	Abdul Rasheed	Compound wall		As per the Boundary stone fixed at the plot
11	Aseem, Raseena Beegam	Two storey Residential building , gate , Interlock and compound wall		To be demolished completely
12	Shajahan & Rasheedha	Compound wall		As per the Boundary stone fixed at the plot
13	Kabeer & Mrudalath	RCC Framed Commercial Building , Aluminium Traffered Sheet Roofing, Compound Wall and gate		To be demolished completely
14	Siddiquekunju	Two storey RCC Framed Building, Gate, Sheet projection and compound wall		To be demolished completely

15	Azhad	Compound wall		As per the Boundary stone fixed at the plot
16	Chandrakala	Two storey Residential building , gate and compound wall		To be demolished completely
18	Arifa	Compound wall		As per the Boundary stone fixed at the plot
19	Shajahan	Compound wall		As per the Boundary stone fixed at the plot
20	Rahim	Compound wall		As per the Boundary stone fixed at the plot
21	Jessim	Residential Building ,Interlock, Ramp, Well, Staircase, Sheet Roof & Septic Tank,Compound Wall,Commercial Building		To be demolished completely
22	Santhoshkumar & Divya	Residential Building ,Compound Wall,Interlock,well, Septic tank,waste tank		To be demolished completely
23	Shahubanath Beevi	Two storey Residential Building ,compound wall , Interlock,carporch sheet roof and commercial building		To be demolished completely
24	Sreeja	Commercial Building ,Sheet Roofing Area		To be demolished completely
25	Neelakandan & Sivadasan	Small wooden shop		To be demolished completely
26	Haleema Beevi	Commercial Building ,Compound wall,small sheet projection		To be demolished completely
27	Shemin	Compound wall, gate		To be demolished completely
28	Jalaludheen	Residential building and Compound wall		To be demolished completely
29	Suhara Beevi	shop		As per the Boundary stone fixed at the plot
30	Salim Jabariya	GI Sheet compound wall		As per the Boundary stone fixed at the plot
	Grand Total (including GST)			

Amount in words ……

Place :
Date :

Signature of Contractor
(Including Name, Address & Phone Number)